എക്സൈസ് നയം

6 [*295] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
,, ടി. പി. രാമകൃഷ്ണൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 സാമ്പത്തിക വർഷത്തെ എക്സൈസ് നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) കള്ളുഷാപ്പുകൾ ലേലം ചെയ്തു കൊടുക്കുന്നതു സംബന്ധിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അബ്കാരി നയത്തിന് രൂപം കൊടുക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട മദ്യ വ്യവസായ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഇല്ല.

(ബി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അന്തിമതീരുമാനം എടുത്തിട്ടില്ല.

മംഗല്യ ഇൻഷ്വറൻസ് പദ്ധതി

7 [*296] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ദേവകുമാർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മംഗല്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഇതിനകം ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly